Mathrubhumi
മാതൃഭൂമി

# ഇ-സ്റ്റാമ്പുകൾ സുരക്ഷിതമല്ലെന്ന് റിപ്പോർട്ട്

**തിരുവനന്തപുരം** ▸ കംപ്യൂട്ടർവത്കൃത രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയ ഇ-സ്റ്റാമ്പിങ് സുരക്ഷിതമല്ലെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ട്. പാസ്‌വേർഡ് കൂടാതെ പി.ഡി.എഫ്. ഫയൽ തുറക്കാനും, ഇ-സ്റ്റാമ്പിന്റെ സോഫ്റ്റ്കോപ്പി ഉപയോഗിച്ച് രജിസ്ട്രേഷനു മുമ്പും ശേഷവും പരിധിയില്ലാതെ ഇ-സ്റ്റാമ്പ് പേപ്പറുകളുടെ പകർപ്പെടുക്കാനാകുമെന്നാണ് റിപ്പോർട്ട്. ഇത് ഇ-സ്റ്റാമ്പുകൾ സുരക്ഷിതമല്ലാതാക്കി മാറ്റുമെന്ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

പി.ഡി.എഫ്. ഫയലായി ലഭിക്കുന്ന ഇ-സ്റ്റാമ്പ് പെൻഡ്രൈവിലേക്കും പകർത്താനാകും. അതിനാൽ തനിപ്പകർപ്പ് സൃഷ്ടിക്കപ്പെടാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. പി.ഡി.എഫ്. ഫയലായി ഇ- സ്റ്റാമ്പുകൾ വിതരണം ചെയ്യുന്നയാൾക്ക് അത് അച്ചടിച്ച് വിതരണംചെയ്യാനും സൗകര്യം ഒരുക്കുന്നു. ഇത് ഒരേ ഇ-സ്റ്റാമ്പ് പകർപ്പുകൾതന്നെ വിവിധ രേഖകളുടെ രജിസ്ട്രേഷന് ഉപയോഗിക്കാനും ഇടയാക്കും. ഇത് മറ്റേതെങ്കിലും രജിസ്ട്രാർ ഓഫീസിൽ ഉപയോഗിച്ചാൽ കണ്ടെത്താനുമാവില്ല.

## സുരക്ഷിതത്വത്തിന് ഒ.ടി. പി.

ഒറ്റത്തവണ പാസ്‌വേർഡ് (ഒ.ടി.പി.) ഉപയോഗിച്ചുള്ള സുരക്ഷാനടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനെ അറിയിച്ചു. ഒന്നിലധികം പകർപ്പുകളുടെ ദുരുപയോഗം തടയാൻ ഇ-സ്റ്റാമ്പുകളുടെ ക്രമനമ്പറുകൾ, രണ്ടുകക്ഷികളുടെയും പേര്, രേഖയുടെ ഉദ്ദേശ്യം എന്നിവ ഇ-സ്റ്റാമ്പിൽ ഉൾപ്പെടുത്താനുമാകും. ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ പ്രതീക്ഷിക്കുന്നതായി അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കി.

## ഡിസ്റ്റിലറികൾ ജി.എസ്.ടി. നൽകിയില്ല; സർക്കാരിന് 23 കോടി നഷ്ടം

ഇന്ത്യൻനിർമിത വിദേശമദ്യം ഉണ്ടാക്കുന്ന സംസ്ഥാനത്തെ ഡിസ്റ്റിലറികൾ ചരക്കുസേവനനികുതി (ജി.എസ്.ടി.) അടയ്ക്കാത്തതിനാൽ സർക്കാരിന് 23.27 കോടിയുടെ നികുതി നഷ്ടമായതായി ഓഡിറ്റ് റിപ്പോർട്ട്. മദ്യനിർമാണത്തിന് ഡിസ്റ്റിലറികൾ സംസ്ഥാനത്തിനു പുറത്തുനിന്നെത്തിക്കുന്ന എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ നികുതിവരവാണ് ഓഡിറ്റ് വിഭാഗം പരിശോധിച്ചത്.

2017 ജൂലായ്മുതൽ 2018 മാർച്ച്വരെ 275.11 കോടിയുടെ 3,138 ചരക്കുകൾ കൊണ്ടുവന്നതിൽ 16.54 കോടിയുടെ സംയോജിത ചരക്കുസേവനനികുതി മാത്രമേ ഒടുക്കിയിട്ടുള്ളൂ. മൊത്തം ചരക്കിന് ചുമത്തേണ്ട നികുതി 46.54 കോടിവരും. ജി.എസ്.ടി. നിയമം അനുസരിച്ച് ഇതിന്റെ പകുതി സംസ്ഥാനത്തിന് ലഭിക്കേണ്ടതാണ്. ഇത്തരത്തിൽ 23.27 കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായെന്നാണ് വിലയിരുത്തൽ.

13/02/2020 TRIVANDRUM Pg 15